LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ കോളേജുകളിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ

124 [1534] ശ്രീ. ടി. കെ. ദേവകുമാർ:

" എം. വി. ജയരാജൻ:

" മത്തായി ചാക്കോ:

" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കോളേജുകളിലെ യൂണിയൻ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച സർവ്വകലാശാലയുടെ നിർദ്ദേശം റദ്ദാക്കിക്കൊണ്ടും മാനേജ്മെന്റിന് യുക്തംപോലെ തെരഞ്ഞെടുപ്പുകൾ നടത്തുവാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടുമുള്ള ഹൈക്കോടതി വിധിയോടുള്ള ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കാമോ;

(ബി) ഈ വിധിക്കെതിരെ അപ്പീൽ നൽകുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(സി) തെരഞ്ഞെടുപ്പ് സംബന്ധിച്ച സർവ്വകലാശാലകളുടെ നിർദ്ദേശത്തിന് നിയമത്തിന്റെ പിൻബലമില്ലായെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾക്ക് നിയമപ്രാബല്യം നൽകുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ—സി) ഹൈക്കോടതിയുടെ ഏറ്റവും അവസാനത്തെ വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല.

കോളേജുകളിൽ പുതിയ ബിരുദാനന്തരബിരുദ കോഴ്സുകൾ

125 [1535] ശ്രീ. എ. സി. ഷൺമുഖദാസ്:

" കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കോളേജുകളിലോ എയിഡഡ് കോളേജുകളിലോ ബിരുദാനന്തര ബിരുദത്തിന് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ചില്ലെങ്കിൽ ഈ വർഷം ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോഴ്സുകൾ അനുവദിക്കുകയാണെങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† കാലിക്കറ്റ്, കണ്ണൂർ, സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലകൾ ശുപാർശ ചെയ്യുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്താണ് തീരുമാനമെടുക്കുന്നത്.

മഞ്ചേരി ജൂനിയർ ടെക്നിക്കൽ സ്കൂൾ പോളിടെക്നിക്കായി മാറ്റണമെന്ന നിവേദനം

126 [1536] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ജൂനിയർ ടെക്നിക്കൽ സ്കൂളിനെ പോളിടെക്നിക്കായി മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly